## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 727 — 20.3.2013-ലെ മറുപടിക്ക്

### ഭക്ഷ്യസുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി.വിൻസെന്റ്<br>,, സണ്ണി ജോസഫ്<br>,, പാലോട് രവി<br>,, എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ; | എ) പുതുതായി നിലവിൽ വന്ന ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ടിൽ നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006-ൽ പറയും പ്രകാരം കേന്ദ്രതലത്തിൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയും സംസ്ഥാനതലത്തിൽ കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റിയും ജില്ലാ സർക്കിൾ ഓഫീസുകളും നിലവിൽ വന്നിട്ടുണ്ട്. ട്രെയിനിംഗ് നടത്തി വ്യാപാരികൾക്കും ഉൽപാദകർക്കും അവബോധമുണ്ടാക്കുക എന്നുള്ളത് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ പ്രധാന ചുമതലകളിൽ ഒന്നാണ്. ഇതനുസരിച്ച് ട്രെയിനിംഗ് ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. പൂർണ്ണമായും നിയമം നടപ്പാക്കുമ്പോൾ നിയമവിധേയമല്ലാതെ ഉൽപാദനം /വില്പന നടത്തുന്നവർക്കെതിരെ കോമ്പൗണ്ടിംഗ്, അഡ്ജൂഡിക്കേഷൻ എന്നിവ നടത്തി ഫൈനും ഗുരുതരമായ കുറ്റകൃത്യമാണെങ്കിൽ ജയിൽ ശിക്ഷയും നല്കി വരുന്നു. |

| | | | |
|---|---|---|---|
| ബി) | ഇതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് ശക്തമാക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | ബി) & സി) | ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയത്തിലെ ജോയിന്റ് കമ്മീഷണറുടെ (ഭരണവും നിയമവും) താല്കാലിക തസ്തിക സ്ഥിരപ്പെടുത്തുന്നതിനും പുതുതായി ഒരു ജോയിന്റ് കമ്മീഷണറുടെ തസ്തിക സൃഷ്ടിക്കുന്നതിനും ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ 57 തസ്തികകൾ സൃഷ്ടിക്കുന്നതിനും കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ഉൾപ്പെടുന്ന 32 ഫുഡ് ഇൻസ്പെക്ടർ തസ്തികകൾ ഫുഡ് സേഫ്റ്റി വകുപ്പിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനും 2.2.2013 -ലെ സ.ഉ(എം.എസ്) നം.24/2013/ആ.കു.വ നമ്പർ പ്രകാരം തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. |
| സി) | ഇതിനായി ഭരണ തലത്തിൽ ഏതെല്ലാം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; | | |
| ഡി) | ഈ ലക്ഷ്യം കൈവരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു ? | ഡി) | ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് ഇതു സംബന്ധിച്ച് പഠനം നടത്തുന്നുണ്ട്. കൂടാതെ ഫുഡ് സേഫ്റ്റി വകുപ്പിന്റെ പ്രവർത്തനം പൂർണ്ണ തോതിൽ ആകുവാൻ വേണ്ട സ്പെഷ്യൽ കോടതികൾ നടപ്പിലാക്കുന്നതിനും ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം. എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്ന അനലറ്റിക്കൽ ലാബുകൾ അക്രഡിറ്റേറ്റ് ചെയ്യുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ